പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 210 — 17/06/2014-ൽ മറുപടിക്ക്

# പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. കെ. സുരേഷ് കുറുപ്പ്<br>,, കെ.കെ. ജയചന്ദ്രൻ<br>,, രാജു എബ്രഹാം<br>,, സാജു പോൾ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) പള്ളിവാസൽ എക്സ്റ്റെൻഷൻ പദ്ധതിയുടെ നിർമ്മാണം എന്നാണ് തുടങ്ങിയത്; | (എ) 02.03.2007-ൽ. |
| (ബി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരുന്നത്; | (ബി) കരാർ പ്രകാരം 01.03.2011-ൽ പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്. |
| (സി) പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; പണി കൃത്യമായി പുരോഗമിക്കുന്നതിൽ എന്ത് തടസ്സമാണുള്ളതെന്നും ഇക്കാര്യത്തിൽ സർക്കാർ എന്ത് ഇടപെടലാണ് നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (സി) പ്രസ്തുത പദ്ധതിയുടെ 74 ശതമാനത്തോളം പണികൾ ഇപ്പോൾ പൂർത്തിയായിട്ടുണ്ട്.<br>പദ്ധതിയുടെ ഇൻടേക്കിന്റെയും അനുബന്ധ ഫേസ് 1 ടണലിന്റെയും നിർമ്മാണം ഭൂമിശാസ്ത്രപരമായ കാരണത്താൽ തടസ്സപ്പെട്ടിരുന്നതിനാൽ നൂതന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുവാനുള്ള സാങ്കേതിക സഹായത്തിനുവേണ്ടി പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി. യുമായി 26.03.2014-ൽ കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. അവർ പ്രശ്നഭാഗങ്ങൾ സന്ദർശിച്ച് വിശദമായ പഠനം നടത്തിയശേഷം ഇൻടേക്കിൽ നിന്നുള്ള പുതുക്കിയ ടണൽ റൂട്ട് നിർദ്ദേശിച്ചിട്ടുണ്ട്.<br>ഫേസ് 2-ൽ നിന്നും ഇൻടേക്കിലേക്ക് പൈപ്പ് റൂഫിംഗ്, ഫോർഫോളിംഗ് മുതലായ നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് ടണൽ നിർമ്മാണം പുനരാരംഭിച്ച് പുരോഗമിക്കുന്നു. |

| | |
|---|---|
| (ഡി) ഇതിന്റെ നിർമ്മാണം എന്ന്(ഡി) പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്? | ഇപ്പോഴത്തെ പുരോഗതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി 2016 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**